**കേരള വനംവകുപ്പ്**

നമ്പർ 06/2010 തീയതി: 26..04..2010

**<u>സർക്കുലർ</u>**

വിഷയം:- വനം വകുപ്പ് സംഘടിപ്പിക്കുന്ന പൊതുയോഗങ്ങളിലും ആഘോഷങ്ങളിലും വിശിഷ്ടാതിഥികൾക്കും പ്രധാന വ്യക്തികൾക്കും സ്വീകരണം നൽകുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

സൂചന:- പ്രിൻസിപ്പൽ സി.സി.എഫ്. സർക്കുലർ നമ്പർ ഇ.ഒ (1) - 29758/08 തീയതി 05..11..2008.

കേരള വനംവകുപ്പ് സംഘടിപ്പിക്കുന്ന ഔദ്യോഗിക പൊതുപരിപാടികളിൽ പങ്കെടുക്കുന്ന വിശിഷ്ടാതിഥികളേയും പ്രധാന വ്യക്തികളേയും സ്വീകരിക്കുമ്പോൾ പ്ളാസ്റ്റിക് കടലാസിൽ പൊതിഞ്ഞ ബൊക്കെകളും പൂമാലകളും നൽകേണ്ടതില്ലെന്നും പകരം കൈത്തറി ഷാളുകളും വൃക്ഷത്തൈകളും നൽകണമെന്നുള്ള വ്യക്തമായ നിർദ്ദേശം സൂചനയിലെ സർക്കുലർ പ്രകാരം നൽകിയിരുന്നതാണ്. അതിഥികളെ സ്വീകരിക്കുവാൻ വൃക്ഷത്തൈകൾ തെരഞ്ഞെടുക്കുമ്പോൾ അവ അതാതു പ്രദേശത്തിനും കാലത്തിനും അനുയോജ്യമായിട്ടുള്ളവയും ആരോഗ്യമുള്ളവയും ആയിരിക്കണമെന്ന് പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണെന്നും അവ അധികം വളർന്നതോ തീരെ ചെറുതോ ആയിരിക്കരുതെന്നും ടി തൈകൾ സ്വീകരിക്കുന്ന മഹദ്‌വ്യക്തികൾക്ക് അവ സുരക്ഷിതമായും സൗകര്യപ്രദമായും കൊണ്ടുപോകത്തക്കവിധം ഉറപ്പുള്ളതും ആകർഷകവുമായ പേപ്പർ / ജൈവ ബാഗുകളിലായിരിക്കണം നൽകേണ്ടതെന്നും സൂചനയിലെ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ അടുത്ത കാലത്ത് ചില വനം ഡിവിഷനുകളിൽ സംഘടിപ്പിച്ച പൊതു പരിപാടികളിൽ മേല്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതായി ബഹു: വനം-ഭവന നിർമ്മാണ വകുപ്പുമന്ത്രി തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വനംവകുപ്പിൽ പൊതുപരിപാടികൾ സംഘടിപ്പിക്കുമ്പോൾ കൈക്കൊള്ളേണ്ട നടപടികളെപ്പറ്റി സൂചനയിലെ സർക്കുലറിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ വിട്ടുവീഴ്ച കൂടാതെ പാലിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന വനം വകുപ്പുദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ്ലൈഫ് വാർഡൻ / പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽഫോറസ്ട്രി) / അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ / ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ / ഫോറസ്റ്റ് കൺസർവേറ്റർമാർ / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ / വൈൽഡ്ലൈഫ് വാർഡന്മാർ / ഡെപ്യൂട്ടി ഡയറക്ടർ (പ്രോജക്ട് ടൈഗർ) / അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ (സോഷ്യൽ ഫോറസ്ട്രി) / ഡെപ്യൂട്ടി കൺസർവേറ്റർ (റിസർച്ച് നോർത്ത്) / സൗത്ത്) / വർക്കിംഗ് പ്ളാൻ ഓഫീസർമാർ.